# കേരള സർക്കാർ

നം. 29086/റ്റി2/2013/റ.വ.

റവന്യൂ (റ്റി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 05.09.2013.

## സർക്കുലർ

വിഷയം:- റവന്യൂ വകുപ്പ് - വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രങ്ങൾ മുഖേനയും, വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്ന് നേരിട്ടും വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ. (കയ്യെഴുത്ത്) നമ്പർ 136/07/ആർ.ഡി. തീയതി 27.04.2007.
2. സ.ഉ. (കയ്യെഴുത്ത്) നമ്പർ 351/07/ആർ.ഡി തീയതി 01.10.2007.
3. സ.ഉ. (പി) നമ്പർ 24/2010/വി.സ.വ. തീയതി 4.8.2010.
4. 5.5.2013-ലെ ശ്രീ.ബാബു പരിയാരത്ത് മുതൽപേർ സമർപ്പിച്ച നിവേദനം.
5. ലാന്റ് റവന്യൂ കമ്മീഷണറുടെ 28.06.2013-ലെ എൽ.ആർ (ഐ.റ്റി.സെൽ) 23626/13 നമ്പർ കത്ത്.

1. വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ നൽകി വരുന്ന രീതി പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ പരിഹരിക്കുന്നതിനും നടപടിക്രമം ലഘൂകരിക്കുന്നതിനുമായി സർട്ടിഫിക്കറ്റുകൾക്ക് സാധുതാകാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുന:ക്രമീകരിച്ചും സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. മേൽ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന്റെ ഭാഗമായി വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ മാതൃകാ അപേക്ഷ ഫോറവും, സാക്ഷ്യപത്രവും അടങ്ങുന്ന സ്പഷ്ടീകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സൂചന രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുമുണ്ട്.

2. വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന കേന്ദ്രങ്ങൾ വഴി (അക്ഷയ സെന്ററുകൾ) ഓൺലൈനായി ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി സംസ്ഥാന വ്യാപകമായി 2013 മാർച്ച് മുതൽ നടപ്പാക്കി വരുന്നുണ്ട്. ഓൺലൈനായി സർട്ടിഫിക്കറ്റ് നൽകുന്നതിനും തുകകൾ സ്വീകരിക്കുന്നതിനും മറ്റും നിയമസാധുത നൽകാനായി 2010-ലെ കേരള വിവര സാങ്കേതിക വിദ്യ (ഇലക്ട്രോണിക് സേവനങ്ങളിലൂടെ വിതരണം) 'ചട്ടങ്ങൾ' എന്ന പേരിൽ സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതു പ്രകാരം പൊതുജന സൗകര്യാർത്ഥം വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ

ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ വഴിയും ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള 23 ഇനം സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് കാലതാമസം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അക്ഷയ കേന്ദ്രങ്ങൾ വഴി ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് ഈ പദ്ധതിയുടെ ആരംഭമായതിനാലാണെന്ന് സർക്കാർ വിലയിരുത്തുന്നു.

3. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും നേരിട്ടു തന്നെ പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ടെന്ന് ലാന്റ് റവന്യൂ കമ്മീഷണർ സൂചന (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. അക്ഷയ കേന്ദ്രങ്ങൾ മുഖേന സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ പൊതുജനങ്ങൾക്ക് യഥാസമയം സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും നൽകി വരുന്ന 23 സർട്ടിഫിക്കറ്റുകളും അത്യാവശ്യ സന്ദർഭങ്ങളിൽ വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും, അപേക്ഷ നൽകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും നേരിട്ട് സർട്ടിഫിക്കറ്റുകൾ ലഭ്യമാകണമെങ്കിൽ ടി ഓഫീസുകളിൽ തന്നെ നിർബന്ധമായും അപേക്ഷ നൽകേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

ടി.ജെ.മാത്യു
സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും (എല്ലാ തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും അറിയിക്കുന്നതിലേയ്ക്ക്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ് (മാദ്ധ്യമങ്ങൾക്ക് നൽകുന്നതിന്)
വിവരസാങ്കേതിക വിദ്യാ (ബി) വകുപ്പ്.
സംഭരണ ഫയൽ/ഓഫീസ് കോപ്പി.